കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/ബി.പി-776/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി.18.09.2019
ഫോൺ: 0477-2252753
ഇ.മെയിൽ:ddhglfalpy@gmail.com.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം: തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്- 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/ബിപി-776/19 തീയതി:18.09.2019

# ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

( 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 11.10.2018 മുതൽ 21.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ബാബു റിയാസുദീൻ. എസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.07.2019മുതൽ<br>29.07.2019 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.എം. പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ശ്രീകാന്ത്. സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.നിർമ്മലാ ശെൽവരാജ് | 01.04.2018 മുതൽ 31.03.2019 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി.സലില.എസ് | 01.04.2018 മുതൽ 08.02.2019 വരെ |
| 2 | ശ്രീ.ടി.വേണുഗോപാൽ (ഇൻ ചാർജ്ജ്) | 09.02.2019 മുതൽ 19.02.2019 വരെ |
| 3 | ശ്രീ.ബിജുകുമാർ. എ | 20.02.2019 മുതൽ 31.03.2019വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.പി.ജി.മുരളിധരൻ | 01.04.2018 മുതൽ 30.11.2018 വരെ |
| | | ശ്രീ. രാജേഷ് രാമകൃഷ്ണൻ | 22.12.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി.ഉഷ രാജഗോപാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.എബ്രഹാം ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.മേഘ വേണു | 01.04.2018 മുതൽ 31.03.2019വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ജിനേഷ്.കെ.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. റെനി സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,അലോപ്പതി | ഡോ.ജോർജ്ജ്.കെ.എ | 01.04.2018 മുതൽ 31.03.2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.സ്മിത. ജി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.ബിനേഷ്. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.അനിൽകുമാർ.പി.എൻ | 01.04.2018 മുതൽ 06.02.2019 വരെ |

| | | |
|---|---|---|
| | ശ്രീമതി.പ്രവീണ.ജി<br>(അഡീഷണൽ ചാർജ്ജ്) | 07.02.2019 മുതൽ 01.03.2019 വരെ<br>19.03.2019 മുതൽ 31.03.2019 വരെ |
| | ശ്രീ.അക്ബർഷാ.യു | 02.03.2019 മുതൽ 18.03.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ. ലീലാകൃഷ്ണൻ | 01.04.2018 മുതൽ 08.11.2018 വരെ |
| | ശ്രീ. മിനി. എസ്. നായർ | 09.11.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി. ശാന്തി ആർ. പൈ | 01.04.2018 മുതൽ 09.11.2018 വരെ |
| | ശ്രീ.സുബ്രഹ്മണ്യൻ. കെ | 10.11.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം.1 | | |
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| ഭാഗം.2 | | |
| 2 | 2-1 | ബ്ലോക്ക് പഞ്ചായത്ത് കാന്റീൻ -കുറഞ്ഞ വാടകമാത്രം ഈടാക്കുന്നു |
| 3 | 2-2 | പള്ളിപ്പുറം പി.എച്ച്.സി-ലേലതുക ബ്ലോക്ക്പഞ്ചായത്തിലടച്ചില്ല |
| 4 | 2-3 | അംഗൻവാടി കേന്ദ്രീകരിച്ച് കുട്ടികൾക്കും ഗർഭിണികൾക്കും ആവശ്യമുള്ള വെയിംഗ് മെഷീൻ വാങ്ങൽ - ഇ.എം.ഡി തുക ഡിമാന്റ് ഡ്രാഫ്റ്റായി സൂക്ഷിച്ചിരിക്കുന്നു |
| 5 | 2-4 | ടെൻഡർ ഫീസ് ഈടാക്കിയത് തനതുഫണ്ടിൽ വരവ് വച്ചില്ല |
| ഭാഗം.3 | | |

| | | |
|---|---|---|
| 6 | 3-1 | ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 59 ലക്ഷം പാഴായി |
| 7 | 3-2 | മേഖലാ വകയിരുത്തൽ- അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വീഴ്ച - വകയിരുത്തേണ്ട മിനിമം തുകയിലും കുറവ് മാത്രം ചെലവഴിക്കപ്പെടുന്നു |
| 8 | 3-3 | ബ്ലോക്ക്പഞ്ചായത്ത് ഓഫീസിന് 20 KVA ഡീസൽ ജനറേറ്റർ വാങ്ങൽ (പ്രോജക്ട്- 25/19) -ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല |
| 9 | 3-4 | എളംകുളം പാടശേഖരത്തിന് പെട്ടിയും പറയും മോട്ടോറും (പ്രോജക്ട്- 79/19) -അപാകങ്ങൾ |
| 10 | 3-5 | പൊതുമരാമത്ത് വർക്കുകളുമായി ബന്ധപ്പെട്ട് കാണുന്ന അപാകതകൾ |
| 11 | 3-6 | സായൂജ്യം - വയോജനപരിപാലന പദ്ധതി - ലക്ഷ്യപ്രാപ്തി നേടിയിട്ടില്ല |
| 12 | 3-7 | ശാരീരിക മാനസിക വൈകല്യമുള്ളവർക്കായി വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തില്ല |
| 13 | 3-8 | പച്ചക്കറി കൃഷി,നെൽകൃഷി വികസനം-കൂലിച്ചെലവ് സബ്സിഡി-ബ്ലോക്ക് വിഹിതം(പ്രോജക്ട്- 6&7/19) -അപാകങ്ങൾ |
| 14 | 3-9 | ഘടകസ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ (പ്രോജക്ട്- 28/19) -കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല |
| 15 | 3-10 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ |
| 16 | 3-11 | ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 17 | 3-12 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-രേഖകൾ ഹാജരാക്കിയിട്ടില്ല |
| 18 | 3-13 | ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ ഭൂമിവാങ്ങൽ(എസ്സ് സി)-പദ്ധതിനടത്തിപ്പിൽ അപാകങ്ങൾ |
| ഭാഗം.4 | | |
| 19 | 4-1 മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 20 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 21 | അനുബന്ധം.2 | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 17.03.2018തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 357825426 | 356705570 |

| | | |
|---|---|---|
| വാർഷിക കണക്ക് പ്രകാരം | 71179394 | 53600019 |

ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തതിന് രേഖയില്ല.
2. ഘടകസ്ഥാപന മേധാവികൾ നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകിയിട്ടില്ല.
3. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.
4. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരം കാണുന്നു. മുൻവർഷങ്ങളിലെ വരവ് ചെലവുകളെ അടിസ്ഥാനമാക്കി, തൻവർഷം ഉണ്ടാകാവുന്ന വ്യത്യാസം കൂടി പരിഗണിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2019 | 20.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24838006 |
| വരവ് | 46341388 |
| ആകെ | 71179394 |
| ചെലവ് | 53600019 |
| നീക്കിയിരിപ്പ് | 17579375 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 26745000 | 26745000 | 21434247 | 5310753 |
| വികസനഫണ്ട് എസ്.സി.പി | 0 | 9888000 | 9888000 | 9286960 | 601040 |
| വികസനഫണ്ട് ടി.എസ്.പി | 0 | 374000 | 374000 | 374000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3171000 | 3171000 | 3171000 | 0 |
| ടി.എസ്.ബി (ജനറൽ പർപ്പസ്) | 3155219 | 4605123 | 7760342 | 6987264 | 773078 |
| എസ്.ബി.ഐ ലിറ്ററസി | 2363 | 77 | 2440 | 0 | 2440 |
| ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 20000 | 2092000 | 2112000 | 1948870 | 163130 |
| എസ്.ബി.ഐ ബ്ലോക്ക് പ്ലാൻ | 1684579 | 3387374 | 5071953 | 3239655 | 1832298 |
| പി.എൻ.ബി ഐ.എ.വൈ അഡ്മിൻ | 268 | 15234 | 15502 | 9040 | 6462 |
| പി.എൻ.ബി ഐ.എ.വൈ പ്ലാൻ | 16226675 | 1758754 | 17985429 | 6223439 | 11761990 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ ഡി.ആർ.ഡി.എ | 588 | 20 | 608 | 0 | 608 |
| പി.എൻ.ബി മിസലേനിയസ് | 1437382 | 50966 | 1488348 | 71 | 1488277 |
| എസ്.ബി.ഐ സൈൻ | 5570 | 197 | 5767 | 0 | 5767 |
| എസ്.ബി.ഐ എം.കെ.എസ്.പി | 109 | 11731 | 11840 | 154 | 11686 |
| എസ്.ബി.ഐ ടി.എസ്.സി | 1223502 | 36263 | 1259765 | 342233 | 917532 |
| പി.എൻ.ബി ലൈഫ് മിഷൻ | 1081751 | 4544573 | 5626324 | 5010217 | 616107 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 66 | 46561856 | 55 | 36750271 | 9 | 2 | 83 |

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.05.2018 – 01.06.2018 | 2017-18 | 22.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2014 – 01.03.2014 | 2008-09 മുതൽ 2012-13 വരെ | 19.04.2014 |

## 1-8 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. വികസനകാര്യം, ആരോഗ്യ വിദ്യാഭ്യാസം സ്റ്റാൻഡിംഗ് കമ്മറ്റികളുടെ മിനിട്സ് ബുക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല, പല തീയതികളിലേയും മിനിട്സ് പൂർണ്ണമായി എഴുതാതെ പേജുകൾ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.
7. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തിലെ ഓരോ ആസ്തികളുടെയും മൂല്യം, ആസ്തി ആർജിച്ചതും വിറ്റൊഴിഞ്ഞതുമായ കാലയളവ് എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ തേയ്മാനച്ചെലവ് (Depreciation) കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. പല ആസ്തികൾക്കും പ്രത്യേകം ശീർഷകങ്ങൾക്ക് പകരം പൊതുവായ ശീർഷകങ്ങളാണ് ഉപയോഗിക്കുന്നത്. ബിൽഡിംഗ് - othersആയി 1,83,19,527/- രൂപയും other Constructions 81,01,350/-രൂപയും AFS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ തരംതിരിവും വിശദവിവരങ്ങളുമില്ലാത്തതിനാൽ ഓരോ ആസ്തിക്കും പ്രത്യേകമായി കണക്കാക്കേണ്ട തേയ്മാനച്ചെലവ്, നിരക്ക്, കാലയളവ് എന്നിവ പൊതുവായി മാത്രമാണ് കണക്കാക്കപ്പെടുന്നത് (ഉദാ.R.C roof കെട്ടിടങ്ങൾക്ക് പ്രതിവർഷം 2% നിരക്കിലും അല്ലാത്തവക്ക് 6.67% നിരക്കുമാണ് ബാധകം). ഇതിനാൽ ആസ്തിയുടെ കൃത്യമായ വാർഷിക മൂല്യമല്ല വാർഷിക കണക്കുകളിൽ രേഖപ്പെടുത്തുന്നത്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ സാംഖ്യ സോഫ്റ്റ്‌വെയർ ആരംഭിച്ചതിനുശേഷമുള്ള ആസ്തിവിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ മുൻ ആസ്തിവിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ യഥാർത്ഥ ആസ്തികളും വാർഷിക കണക്കുകളിൽ ചേർത്ത ആസ്തിവിവരങ്ങളും തമ്മിൽ വ്യതിയാനമുണ്ട്. സ്ഥിര ആസ്തികളുടെ വാർഷികാടിസ്ഥാനത്തിലെ ഭൗതിക പരിശോധന നടത്തി വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.
2. ബ്ലോക്ക് പഞ്ചായത്തിന് റോഡ് ആസ്തികളില്ലെങ്കിലും വാർഷിക കണക്കുകളിൽ ഇവ ഉൾപ്പെടുത്തുകയും തേയ്മാനച്ചെലവ് ഉൾപ്പടെ കണക്കാക്കുകയും ചെയ്യുന്നുണ്ട്. ഇതുമൂലം ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ ആസ്തി മൂല്യമല്ല വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
3. ബ്ലോക്ക് പഞ്ചായത്തിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, ദിവസവേതനം, ജീവനക്കാരുടെ ശമ്പളം, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർക്കുള്ള ഇതര അലവൻസുകളിലെ കുടിശ്ശിക ബാധ്യത (റ്റി.എ,സിറ്റിംഗ് ഫീ etc) ഉൾപ്പടെയുള്ള എല്ലാ വർഷാന്ത്യ ബാധ്യതകളും (Outstanding liabilities) വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. തൻവർഷത്തെ എല്ലാ ഭരണച്ചെലവുകൾക്കുമുള്ള പ്രൊവിഷൻ (ടെലഫോൺ,

കറന്റ് ചാർജ്ജ്) വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി വരുന്നില്ല.

രസീത് & പെയ്മെന്റ് അക്കൗണ്ട്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നീ പത്രികകളുടെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. മുൻ വർഷങ്ങളിലെ ബാലൻസ് ഷീറ്റിലും തൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഷെഡ്യൂൾ B- 9 പ്രകാരം Govt.& other dues payable ശീർഷകത്തിൽ 39,117/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക സാംഖ്യ ആരംഭിച്ച തീയതി മുതൽ അക്കൗണ്ട്സിൽ ചേർത്തിട്ടുള്ളതാണ്. ഈ ബാധ്യത ഏതിനത്തിലുള്ളതാണെന്നും എന്തുകൊണ്ടാണ് തുക ചെലവഴിക്കാത്തത് എന്നതിനുള്ള വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2. തൻ വർഷത്തെ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-9 പ്രകാരം Govt.& other dues payable-CGST,SGST ശീർഷകത്തിൽ 1895/-രൂപ വീതം ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. GST രജിസ്റ്ററിൽ 1666/-രൂപ മാത്രമാണ് ആകെ ഈയിനത്തിലെ ബാധ്യത. ബാക്കി തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി റീഫണ്ടായി ലഭിച്ച തുക വരവായി ഉൾപ്പെടുത്തുന്നതിനുള്ള ഹെഡില്ലാത്തതിനാൽ തെറ്റായി ഈ ഫണ്ടിൽ ഉൾപ്പെട്ടതുമൂലമാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്.
3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം നൽകിയ വിവിധ അഡ്വാൻസ് തുകയിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. ആകെ നീക്കിയിരുപ്പ് രജിസ്റ്റർ പ്രകാരം ശരിയാണെങ്കിലും വിവിധ ശീർഷകങ്ങളിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.
4. തൻ വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകളുടെ നീക്കിയിരിപ്പ് ആയി ചേർത്തിരിക്കുന്ന തുകകളുടെ വിശദവിവരങ്ങളും ഇവ ഏതെല്ലാം ബാങ്ക് അക്കൗണ്ടുകളിലായാണ് സൂക്ഷിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കിയിട്ടില്ലാത്ത തിനാൽ പരിശോധന സാധ്യമാകുന്നില്ല.
5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം ICDS, Other Grants ശീർഷകങ്ങളിൽ മുൻബാലൻസ് ഷീറ്റിലെ അതേ നീക്കിയിരിപ്പ് തന്നെയാണ് നിലവിലും ഉൾപ്പെട്ടിരിക്കുന്നത്. ഈ വിഭാഗത്തിലെ പദ്ധതികൾക്കായി ലഭിച്ച തുകകളുടെ വിനിയോഗം നടക്കാത്തത് വിശദീകരിച്ചിട്ടില്ല.
6. തൻ വർഷത്തെ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള ചെലവുകളും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. Own fund വകയിരുത്തിയ ഏതാനും പദ്ധതികളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബ്ലോക്ക് പഞ്ചായത്ത് കാന്റീൻ -കുറഞ്ഞ വാടകമാത്രം ഈടാക്കുന്നു

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനുള്ളിൽ പ്രവർത്തിക്കുന്ന കാന്റീൻ കെട്ടിടം കലവറ എന്ന എസ്.എച്ച്.ജി യാണ് ഏറ്റെടുത്ത് നടത്തുന്നത്. ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട എല്ലാ യോഗങ്ങളുടേയും പരിപാടികളുടേയും ഭക്ഷണവിതരണം ഈ ഗ്രൂപ്പുവഴിയാണ് നടത്തിവരുന്നത്. 2017-18 ൽ 700/- രൂപയും പിന്നീട് 2018 ഓഗസ്റ്റ് മുതൽ 800/- രൂപയും മാത്രമാണ് കാന്റീൻ കെട്ടിടത്തിന് വാടക ഈടാക്കുന്നത്. ഈ മേഖലയിലെ വാണിജ്യസ്ഥാപനങ്ങളുടെ വാടക പരിഗണിക്കുമ്പോൾ ചെറിയ വാടകയാണ് സ്ഥാപനം നൽകുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ 84/2018, 66/2019 (S.O) എന്നീ പ്രോജക്ടുകൾ പ്രകാരം 2,94,034/- രൂപ ബ്ലോക്ക് പഞ്ചായത്ത് തനത്ഫണ്ട് ഉപയോഗിച്ച് കെട്ടിടം വിപുലീകരിക്കുകയും നവീകരിക്കുകയും കാന്റീൻ പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്പെടുത്താനാവും വിധം മെയിൻ റോഡിൽ നിന്നും നേരിട്ട് പ്രവേശനം സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഉണ്ടായിരുന്ന കാന്റീൻ കെട്ടിടത്തിന് അധിക മുറികൾ ഉൾപ്പടെയുള്ള സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും 3,00,000 രൂപയോളം ചെലവഴിച്ച് ഏർപ്പെടുത്തിയെങ്കിലും ഇതിന്റെ പ്രയോജനം കാന്റീൻ നടത്തിപ്പുകാർക്ക് മാത്രമാണ് ലഭിച്ചത്. അധിക സൗകര്യങ്ങൾ നൽകിയെങ്കിലും കാന്റീന്റെ കെട്ടിട വാടകയിൽ ഇതുമൂലം യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല. ഇക്കാര്യങ്ങൾ കൂടി പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്ത് ഉചിതമായ തുടർനടപടികൾ പരിഗണിക്കേണ്ടതാണ്.

### 2-2 പള്ളിപ്പുറം പി.എച്ച്.സി-ലേലതുക ബ്ലോക്ക് പഞ്ചായത്തിലടച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് ഘടക സ്ഥാപനമായ പള്ളിപ്പുറം പി.എച്ച്.സിയിൽ ആർദ്രം മിഷൻ പ്രകാരം എൻ.ആർ.എച്ച്.എം വഴി നടപ്പിലാക്കുന്ന കുടുംബാരോഗ്യകേന്ദ്രം കെട്ടിട നിർമ്മാണത്തിനായി ആശുപത്രി പരിസരത്തെ മരങ്ങൾ മുറിച്ചുനീക്കിയിരുന്നു. ഈ മരങ്ങളുടെ ലേലം 74,500/- രൂപയ്ക്ക് 30/07/2018 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകരിച്ച് നൽകിയിരുന്നു. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഈ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. ഈ തുക നേരിട്ട് സർക്കാർ ഫണ്ടിൽ ഒടുക്കിയതായാണ് പി.എച്ച്.സി അറിയിച്ചത്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് സർക്കാരിൽ നിന്നും വിട്ടുനൽകിയ വിവിധ ഘടക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വിവിധ വരവുകൾ ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ വരവ് വയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 അംഗൻവാടി കേന്ദ്രീകരിച്ച് കുട്ടികൾക്കും ഗർഭിണികൾക്കും ആവശ്യമുള്ള വെയിംഗ് മെഷീൻ വാങ്ങൽ - ഇ.എം.ഡി തുക ഡിമാന്റ് ഡ്രാഫ്റ്റായി സൂക്ഷിച്ചിരിക്കുന്നു

ശിശുവികസന പദ്ധതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അംഗൻവാടി കേന്ദ്രീകരിച്ച് കുട്ടികൾക്കും ഗർഭിണികൾക്കും ആവശ്യമുള്ള വെയിംഗ് മെഷീൻ വാങ്ങൽ (പ്രോജക്ട് നം. S0088/19) എന്ന പ്രോജക്ടിൽ ഇലക്ട്രോണിക് വെയിംഗ് മെഷീൻ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിൽ, 7 സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചു. മോഡേൺ മെഷീൻസ്, പാതിരപ്പള്ളി എന്ന സ്ഥാപനം സമർപ്പിച്ച ടെൻഡറിനോടൊപ്പം ഹാജരാക്കിയ ഇ.എം.ഡി., 3600/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (നം.230051/12.03.2019) ഇതുവരെ പണമാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുക യാണ്. ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടും ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 27.03.2019-ലെ 2(1) തീരുമാന പ്രകാരം ഈ പ്രോജക്ട് ഉപേക്ഷിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവ് വയ്ക്കേണ്ടതും സ്ഥാപനം ആവശ്യപ്പെടുമ്പോൾ തിരികെ നൽകേണ്ടതുമായ ഈ തുക മാസങ്ങളോളം ഡി.ഡി ആയി കൈവശം വച്ചത് ക്രമപ്രകാരമല്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 ടെൻഡർ ഫീസ് ഈടാക്കിയത് തനതുഫണ്ടിൽ വരവ് വച്ചില്ല

2018-19 സാമ്പത്തിക വർഷം ഇ ടെൻഡർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസ് ഇനത്തിൽ ലഭിച്ച 84900/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. ടെൻഡർ ഫീസ് ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതായതിനാൽ തുക തിരികെ ഈടാക്കി തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 59 ലക്ഷം പാഴായി

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 59 ലക്ഷം പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 5310753 |
| വികസന ഫണ്ട് എസ്.സി.പി. | 601040 |
| ആകെ | 5911793 |

വികസനഫണ്ട് ടി.എസ്.പി., മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് എന്നിവ പൂർണ്ണമായി ചെലവഴിക്കാൻ കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്. വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 മേഖലാ വകയിരുത്തൽ– അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വീഴ്ച - വകയിരുത്തേണ്ട മിനിമം തുകയിലും കുറവ് മാത്രം ചെലവഴിക്കപ്പെടുന്നു

2018-19 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽനിന്നും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും ചെലവും ചുവടെ ചേർക്കുന്നു.

| മേഖല/പദ്ധതി | 2018-19 ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം ലഭിക്കുന്ന വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|
| ഉല്പാദനമേഖല (ജനറൽ സാധാരണവിഹിതം) | 4279200 | 6687253 | 5872767 |
| ശുചിത്വം- മാലിന്യസംസ്കരണം- ജലസംരക്ഷണം (ജനറൽ സാധാരണവിഹിതം) | 2139600 | 2433489 | 1417142 |
| പാർപ്പിടമേഖല | 7401400 | 11357375 | 11357375 |
| വനിതാഘടകപദ്ധതി | 3165800 | 3423489 | 1426142 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | 1582900 | 2705908 | 2113274 |
| വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 1582900 | 1667665 | 1329401 |

പ്രത്യേക മേഖല/പദ്ധതികൾക്കായി വകയിരുത്തേണ്ട മിനിമം തുകയിലും അധികം വകയിരുത്തിയിട്ടുണ്ട്. ഇവയിൽ, ഉല്പാദനമേഖല (ജനറൽ സാധാ.വിഹിതം), പാർപ്പിട മേഖല, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതികൾ എന്നിവയൊഴികെയുള്ളവയിൽ ചെലവ് മിനിമം തുകയിലും

കുറവാണ് വന്നിട്ടുള്ളത്.
ശുചിത്വം-മാലിന്യസംസ്കരണം-ജലസംരക്ഷണം (ജനറൽ സാധാരണവിഹിതം), വനിതാഘടകപദ്ധതി, വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) എന്നിവയിലാണ് വകയിരുത്തേണ്ട മിനിമം തുകയിലും കുറവ് ചെലവ് ചെയ്തിട്ടുള്ളത്. പദ്ധതിവിഹിതത്തിന്റെ മേഖലാ വകയിരുത്തലുകൾ പൂർണ്ണമായി പാലിച്ചില്ലെങ്കിൽ പ്രോജക്ടിന് അംഗീകാരം ലഭിക്കുകയില്ല എന്നതിനാൽ പദ്ധതികൾക്കായി തുക വകയിരുത്തുകയും പിന്നീട് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-3 ബ്ലോക്ക്പഞ്ചായത്ത് ഓഫീസിന് 20 KVA ഡീസൽ ജനറേറ്റർ വാങ്ങൽ (പ്രോജക്ട്- 25/19) -ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല

(ചെക്ക് നം-0074426 dtd 28/03/2019), Rs.5,66,815/-

ബ്ലോക്ക് പഞ്ചായത്ത് ജനറൽഫണ്ടിൽ നിന്നും 6,50,000/-രൂപ വകയിരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ 20 KVA ഡീസൽ ജനറേറ്റർ വാങ്ങിയിട്ടുണ്ട്. പദ്ധതിക്കായി ആലപ്പുഴ DLTCE വഴി 6,50,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ പ്രകാരം ശ്രീ.ഹരീഷ് ആർ, ഹരി ഭവനം, നോർത്ത് ആര്യാട് എന്നയാളുടെ എസ്റ്റിമേറ്റ് നിരക്കിലും 1.80% കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും ചെയ്തിരുന്നു. പദ്ധതിക്കായി 08.03.2019 ൽ 20/2018-19 പ്രകാരം കരാർ വയ്ക്കുകയും 25.03.2019 ൽ പദ്ധതി പൂർത്തീയാക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ്, കരാർ നിരക്ക് പ്രകാരമുള്ള റേറ്റാണ് പ്രവൃത്തിയുടെ ബിൽ പ്രകാരം കരാറുകാരനായ ശ്രീ.ഹരീഷിന് അനുവദിച്ചിട്ടുള്ളത്. എന്നാൽ 606218/- രൂപയുടെ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ പ്രകാരമുള്ള 1.80% ടെണ്ടർ കുറവ് ഈടാക്കാതെയാണ് തുക അനുവദിച്ചത്. ഇതുമൂലം ബ്ലോക്ക് പഞ്ചായത്തിന് 10,912/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ഈ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയാകുന്നതാണ്.

## 3-4 എളംകുളം പാടശേഖരത്തിന് പെട്ടിയും പറയും മോട്ടോറും (പ്രോജക്ട്- 79/19) -അപാകങ്ങൾ

(ബിൽ നം. 7/18-19 Rs.425050/- c/o 18.01.19)

ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ (ജനറൽ) നിന്നും 7,85,000/-രൂപയും(യൂണിറ്റ് കോസ്റ്റ് തുക) ഗുണഭോക്തൃവിഹിതം 12,900/- രൂപയും ഉൾപ്പടെ ആകെ 7,97,900 രൂപ വകയിരുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം എളംകുളം പാടശേഖരത്തിന് 50 HP പെട്ടി, പറ, മോട്ടോർ എന്നിവ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ജി.ഒ (എം.എസ്) 22/2018/lsgd dt 14.02.2018 പ്രകാരമുള്ള 2018-19 മുതൽ ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈയിനത്തിൽ ജില്ലാ കൃഷി ഓഫീസർ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റ് പ്രകാരമാണ് സബ്സിഡി നിശ്ചയിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ജില്ലാതല യൂണിറ്റ് കോസ്റ്റിൽ അധികരിച്ചാണ് വാങ്ങൽ നടത്തിയത്. എന്നാൽ അധിക തുക ഗുണഭോക്തൃവിഹിതമായി ഈടാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി കെയ്കോയിൽ നിന്നും 21/12/2018 ലെ AMB/180/18-19 പ്രകാരം 4,31,500/- രൂപക്ക് വാങ്ങിയ പെട്ടി, പറ എന്നിവക്ക് ജി.എസ്.ടി ബാധകമാക്കിയിട്ടുണ്ടെങ്കിലും 01.10.2018 മുതൽ 2,50,000/- രൂപക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ബാധകമായ 2% ജി.എസ്.ടി റ്റി.ഡി.എസ് അടവാക്കിയിട്ടില്ല. ഈ പദ്ധതി പ്രകാരമുള്ള മോട്ടോർ 2018-19 സാമ്പത്തിക വർഷം തന്നെ വാങ്ങിയിട്ടുണ്ടെങ്കിലും ബിൽ കൃൂവിലായതിനാൽ ചെലവ് സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. വാങ്ങലുകൾക്ക് ബാധകമായ റ്റി.ഡി.എസ് തുക സപ്ലൈയർ സർക്കാരിൽ ഒടുക്കി എന്നുറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പൊതുമരാമത്ത് വർക്കുകളുമായി ബന്ധപ്പെട്ട് കാണുന്ന അപാകതകൾ

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ 2018/19 വർഷം നടപ്പാക്കിയ പൊതുമരാമത്ത് വർക്കുകളുമായി ബന്ധപ്പെട്ട് പ്രധാനമായി കാണുന്ന ചില അപാകതകൾ.

1. വിവിധ പഞ്ചായത്തുകളുടെ ആസ്തികൾക്കുമേൽ ആസ്തി വർദ്ധനവിനായി പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുമ്പോൾ അതത് പഞ്ചായത്തുകളുടെ അനുമതി വാങ്ങുകയോ പഞ്ചായത്തുകളുടെ ആസ്തികളിൽ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

2. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ എല്ലാത്തിലുംതന്നെ പ്രവൃത്തി ആരംഭിച്ചതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതായി കാണുന്നു. ഇത് കൃത്യമായി എസ്റ്റിമേറ്റ് എടുക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് കാണിക്കുന്നത്. കുളം നവീകരണവും ജല സംരക്ഷണവും എന്ന പ്രോജക്ട് ( നം.S 083/19 ) 9 ലക്ഷം രൂപ അടങ്കൽ പ്രതീക്ഷിച്ച് നടപ്പാക്കാൻ നിശ്ചയിക്കുകയും രണ്ടു ബില്ലുകളിലായി 6,89,399/- രൂപ 2018/19 വർഷം ചെലവ് ചെയ്യുകയുമുണ്ടായി (ബിൽ നം.22/27.03.19 – 4,60,214/-രൂപ & ബിൽ നം.33/30.03.19 – 2,29,185/- രൂപ). തുടർന്ന് കുളത്തിന്റെ ഇരുവശങ്ങളിലുമുള്ള മരങ്ങൾ ലേലം ചെയ്ത് വെട്ടി നീക്കുന്നതിന് കാലതാമസം വരുന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് കാണിച്ച് എ.ഇ. 30-03-2019 - ൽ കത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ 29-04-2019 - ൽ ചേർന്ന കമ്മറ്റിയുടെ 2(1) തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ അനുമതി നൽകി. 29-04-2019 - ൽ റിവൈസ്ഡ് TS അംഗീകരിച്ചു. എന്നാൽ റിവൈസ്ഡ് TS അംഗീകരിക്കുന്നതിനു മുൻപുതന്നെ എസ്റ്റിമേറ്റിൽ മാറ്റംവരുത്തി കുളത്തിന്റെ അളവ് കുറച്ചാണ് വേല ചെയ്തത്. ഭരണാനുമതിയോ സാങ്കേതികാനുമതിയോ ലഭിക്കുന്നതിനു മുൻപേ മാറ്റം വരുത്തി വേല ചെയ്തത് ക്രമപ്രകാരമല്ല. പ്രോജക്ട് നടപ്പാക്കുന്നതിനുമുൻപേ സ്ഥല പരിശോധന കൃത്യമായി നടത്തി ശരിയായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

3. പ്രോജക്ട് നടപ്പാക്കുന്നതിനോടൊപ്പം ആസ്തി ഉപയോഗയോഗ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നില്ല. തൈക്കാട്ടുശ്ശേരി സി.എച്ച്.സി. പേവാർഡ് നവീകരണം (S039/19) എന്ന പ്രോജക്ടിനു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് നിലവിലുള്ള പഴയ ഓടിട്ട കെട്ടിടം ഓടു മാറ്റി ഷീറ്റ് ഇടുന്നതിനാണ്. തുടർന്ന് മേൽക്കൂര പൊളിച്ചപ്പോൾ തടികൾ പലതും ഉപയോഗിക്കുവാൻ പറ്റാത്ത അവസ്ഥയായതിനാൽ ട്രസ് വർക്ക് കൂടുതൽ വേണമെന്നും കേടായ വാതിലുകളും ജനലുകളും ശരിയാക്കുകയും പെയിന്റടിക്കുകയും ചെയ്താൽ മാത്രമേ കെട്ടിടം ഉപയോഗിക്കുവാൻ പറ്റൂ എന്ന് എ.ഇ.അഭിപ്രായപ്പെടുകയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ അപേക്ഷ നൽകുകയുമുണ്ടായി. തുടർന്ന് 29-10-2018 - ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 2(6) തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ അനുവദിക്കുകയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയുമുണ്ടായി. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ എക്സ്ട്രാ ഐറ്റങ്ങൾ കൂടി ചെയ്തെങ്കിലും ജനലുകളും വാതിലുകളും മാറ്റിയില്ല. അതുപോലെതന്നെ പണി പൂർത്തിയായില്ലെങ്കിലും കുറച്ചു സ്ഥലങ്ങളിൽ പെയിന്റടിക്കുകയുമുണ്ടായി. പണി പൂർത്തിയായതിനുശേഷം പെയിന്റടിക്കുന്നതായിരുന്നു ഉചിതം. പണി പൂർത്തിയാക്കി കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. ചില വർക്കുകളിൽ അളവ് പുസ്തകത്തിൽ പേയ്മെന്റ് വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഒരു പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി പ്രോജക്ട് ഏറ്റെടുക്കുമ്പോൾ വിശദമായ ചർച്ച ആ പ്രദേശം ഉൾപ്പെടുന്ന വാർഡിലോ പഞ്ചായത്ത് കമ്മറ്റിയിലോ, ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയിലോ നടത്തേണ്ടതാണ്. അത്തരത്തിൽ ചർച്ചകൾ നടന്നതായി കാണുന്നില്ല. ഉദാഹരണമായി അരൂക്കുറ്റി ഗ്രാമപഞ്ചായത്തിലെ താമരച്ചാൽ എസ്.സി. കോളനി സമഗ്രവികസനം (S064/19) എന്ന പ്രോജക്ട് ലക്ഷ്യമിടുന്നത് ആ പ്രദേശത്തിന്റെ വികസനമാണ്. എന്നാൽ ഇതുസംബന്ധിച്ച് ചർച്ചകളൊന്നും ആ പ്രദേശം ഉൾപ്പെടുന്ന വാർഡിലോ പഞ്ചായത്ത് കമ്മറ്റിയിലോ, ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയിലോ നടത്തിയതായി കാണുന്നില്ല. 26-10-2017 - ൽ കരാർ വച്ചെങ്കിലും 02-02-2018 – ൽ ആണ് വർക്ക് ആരംഭിച്ചതെന്നാണ് അളവ് പുസ്തകത്തിൽ കാണുന്നത്. തുടർന്ന് 27-02-2018-ൽ അതിർത്തി തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തി നടപ്പാക്കുന്നതിന് കാലതാമസം വരുമെന്നതിനാൽ പൂർത്തീകരണ കാലാവധി നീട്ടിനൽകണമെന്ന് അപേക്ഷിക്കുകയുണ്ടായി. അളവ് പുസ്തകപ്രകാരം (19/18) 28-03-2018 - നു ശേഷം 04-10-2018 - നാണ് വീണ്ടും പ്രവൃത്തി ആരംഭിച്ചതെന്നുകാണുന്നു. ശരിയായ ചർച്ചകളുടേയും തീരുമാനങ്ങളുടേയും അഭാവമാണ് വേലയുടെ കാലതാമസത്തിനും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും ഇടയാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-6 സായൂജ്യം - വയോജനപരിപാലന പദ്ധതി - ലക്ഷ്യപ്രാപ്തി നേടിയിട്ടില്ല

ശിശുവികസന പദ്ധതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച സായൂജ്യം - വയോജനപരിപാലന പദ്ധതി (S0047/19) എന്ന നൂതന പ്രോജക്ടിന് 22.06.2018-ൽ കൂടിയ ജില്ലാതല വിദഗ്ധസമിതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പിലാക്കണമെന്ന നിബന്ധനയോടെ അംഗീകാരം നൽകി. ബ്ലോക്ക് പരിധിയിലെ ഓരോ കുടുംബങ്ങളിലെയും വയോജനങ്ങളുടെ ആവശ്യകത തിരിച്ചറിഞ്ഞ് വ്യക്തിഗതപരിചരണം നൽകുന്നതിന്റെ ആദ്യപടിയായി ഓൺലൈൻ സർവ്വേ നടത്തുക, അങ്കണവാടി തലത്തിൽ സായൂജ്യം വയോജനക്ലബ്ബുകൾ കൂടി അവർക്ക് ഒന്നിച്ചുകൂടാൻ അവസരം സൃഷ്ടിക്കുക, കുടുംബങ്ങളിലെ ഒറ്റപ്പെടൽ, സമൂഹത്തിൽ നിന്നുള്ള ഉൾവലിയൽ എന്നിവയിൽ നിന്നുള്ള മോചനം, ആത്മവിശ്വാസം ഉണർത്തൽ, മങ്ങിപ്പോയ കലാവാസനകളെ പരിപോഷിപ്പിക്കൽ എന്നീ ലക്ഷ്യങ്ങളോടെ വയോവസന്തം എന്ന പേരിൽ അങ്കണവാടി തലം, ബ്ലോക്ക് ഡിവിഷൻതലം, ബ്ലോക്ക് തലം എന്നിങ്ങനെ കലാപരിപാടികൾ സംഘടിപ്പിക്കലാണ് പ്രോജക്ടിന്റെ ലക്ഷ്യം. 2018-19 വർഷം 229401/- രൂപ വയോജനക്ലബ് രൂപീകരിക്കൽ, ബ്ലോക്ക് ഡിവിഷൻ തലത്തിലും ബ്ലോക്ക് തലത്തിലും വയോവസന്തം പരിപാടി നടത്തുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. 2019-20 – ൽ സായൂജ്യം വയോജനപരിപാലന പദ്ധതിയിലേക്ക് ആൻഡ്രോയ്ഡ് മൊബൈൽ ആപ്ലിക്കേഷൻ, ഡാറ്റാ അനാലിസിസിനുള്ള കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ എന്നിവ തയ്യാറാക്കുന്നതിന് 144000/- രൂപയും വയോവസന്തം പ്രോഗ്രാം അങ്കണവാടി തലത്തിൽ നടത്തിയതിന് 171676/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പരിധിയിലെ ഓരോ കുടുംബങ്ങളിലെയും വയോജനങ്ങളുടെ ആവശ്യകത തിരിച്ചറിഞ്ഞ് വ്യക്തിഗതപരിചരണം നൽകുക എന്ന ലക്ഷ്യം ഇതുവരെ കൈവരിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/27.07.2019) വയോജനങ്ങളുടെ വിവരശേഖരണം സമയപരിധിക്കുള്ളിൽ നടത്തുവാൻ സാധിച്ചില്ല എന്നും പ്രോജക്ട് 2019-20 വർഷത്തേക്ക് സ്പിൽ ഓവറായി നടത്തുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. വിവരശേഖരണം പൂർത്തിയാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് തുടർന്നും നടപ്പാക്കി ലക്ഷ്യപ്രാപ്തി നേടുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ചെലവ്:

| ബിൽ നം./തീയതി | തുക |
|---|---|
| 2/18-19/29.11.18 | 59500 |
| 4/18-19/05.03.19 | 31970 |
| 6/18-19/25.03.19 | 19536 |
| 7/18-19/25.03.19 | 75570 |
| 9/18-19/27.03.19 | 42825 |
| | 229401 |

## 3-7 ശാരീരിക മാനസിക വൈകല്യമുള്ളവർക്കായി വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തില്ല

1) ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് ഉപകരണങ്ങൾ

ശിശുവികസന പദ്ധതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ S0024/19 നമ്പർ പ്രോജക്ടിൽ കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്പ്ഡ് പേഴ്സൺസ് വെൽഫയർ ലിമിറ്റഡിൽ നിന്നും ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 270162/- രൂപ (ബിൽ നം.5/18-19 തീയതി. 19.03.2019)ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങളിൽ താഴെ പറയുന്നവ വിതരണം നടത്തിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഉപകരണം | തുക (GST ഉൾപ്പെടെ) |
|---|---|---|---|
| 1 | അനന്തകൃഷ്ണൻ, മുകുന്ദപുരം, തൈക്കാട്ടുശ്ശേരി | Accomodative foot ware | 1394 |
| 2 | ഗോകുൽ സന്തോഷ്, പുത്തൻതറയിൽ, പാണാവള്ളി | MR Kit<br>Peg Board | 4312<br>1675 |
| | ആകെ | | 7831 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/27.07.2019) അനന്തകൃഷ്ണൻ എന്ന കുട്ടിക്ക് അനുവദിച്ച അക്കോമഡേറ്റീവ് ഫുട് വെയർ പാകമല്ലാത്തതിനാൽ മാറ്റി നൽകുന്നതിന് വികലാംഗ ക്ഷേമ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ടെന്നും ഗോകുൽ സന്തോഷ് എന്ന കുട്ടിയുടെ ഉപകരണങ്ങൾ കൈപ്പറ്റുവാൻ കുട്ടിയുടെ മാതാപിതാക്കൾ ഹാജരായില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് സത്വരനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിതരണം ചെയ്യാത്ത ഉപകരണങ്ങൾക്കായുള്ള 7381/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)<u>ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ</u>

ശിശുവികസന പദ്ധതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ S0086/19 നമ്പർ പ്രോജക്ടിൽപ്പെടുത്തി കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്പ്ഡ് പേഴ്സൺസ് വെൽഫയർ ലിമിറ്റഡിൽ നിന്നും ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 529877/-രൂപ (ബിൽ നം.8/18-19 തീയതി. 27.03.2019) ചെലവഴിച്ചിട്ടുണ്ട്. ബിൽ പ്രകാരം ആകെ 97 ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ 91 എണ്ണമാണ് വിതരണരജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. വിതരണരജിസ്റ്ററിൽ ചേർക്കാത്ത 6 ഉപകരണങ്ങളിൽ BTE Channel Free Programmable Hearing aid for Moderate to Profound 5 എണ്ണം ഉൾപ്പെടുന്നു. ശേഷിക്കുന്ന ഒരെണ്ണം ഏതാണെന്ന് വ്യക്തമല്ല. മാത്രമല്ല, ബിൽപ്രകാരമുള്ള ഉപകരണങ്ങൾ വിതരണ രജിസ്റ്ററുമായി പരിശോധിച്ച് ബോധ്യപ്പെടത്തക്ക വിധത്തിലല്ല രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. വിതരണ രജിസ്റ്ററിൽ ചേർത്തിട്ടുള്ള ഉപകരണങ്ങൾ പൂർണ്ണമായി വിതരണം നടത്തിയിട്ടുമില്ല. മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടെങ്കിലും ലിസ്റ്റ് പരിശോധന നടത്തിയ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/27.07.2019) അപാകതകൾ പരിശോധിച്ച് വ്യക്തത വരുത്താൻ സാവകാശം തരണമെന്നും ഉപകരണങ്ങൾ വാങ്ങാത്തവർ അവ കൈപ്പറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. പ്രസ്തുത അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. മേൽ കാരണങ്ങളാൽ 529877/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രജിസ്റ്റർ പ്രകാരം ഉപകരണങ്ങൾ കൈപ്പറ്റാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റാത്ത ഉപകരണം | ഉപകരണത്തിന്റെ വില |
|---|---|---|---|
| 1 | മുഹമ്മദ്. പി.എസ്., പുല്ലൂട്ട്ശ്ശേരി, തുച്ചാറ്റുകുളം | Endoskeletel AK Prosthesis<br>LS Orthosis<br>Accomodative Footware | 55213<br>2244<br>1394 |

| | | | |
|---|---|---|---|
| 2 | സന്ധ്യ.പി.എൽ., തെക്കേവലക്കടവ്, പാണാവള്ളി | Accomodative Footware LT | 1394 |
| 3 | വേലായുധൻ, കുറുവൻചിറ, പാണാവള്ളി | Accomodative Footware LT<br>LS Orthosis (M) | 1394<br>2244 |
| 4 | രാജേഷ് പി.എസ്., കൊമ്പുനികർത്ത്, പൂച്ചാക്കൽ | Accomodative Footware BL | 1394 |
| 5 | സബിൻ. ഇ.പി., ഇട്ടികുമാരശ്ശേരി, പാണാവള്ളി | Knee Brace | 1849 |
| 6 | സുമ മധുസൂദനൻ, കുറുപ്പുപറമ്പ്, പാണാവള്ളി | Finger Exercise (Gell ball) | 169 |
| 7 | മധുസൂദനൻ, കുറുപ്പുപറമ്പ്, പാണാവള്ളി | Accomodative Footware LT | 1394 |
| 8 | സൂസൻ, സൂസ്ഭവനം, പാണാവള്ളി | Severe Class Digital Multichannel BTE Hearing aid B/L | 8690 |
| 9 | അഭിനവ് ബാബു, മംഗലത്ത്, പാണാവള്ളി | Profound Class Digital Multichannel BTE Hearing aid B/L | 8690 |
| 10 | ഉഷാകുമാരി, പൊറ്റേത്തറ, പാണാവള്ളി | Profound Class Digital Multichannel BTE Hearing aid B/L | 8690 |

## 3-8 പച്ചക്കറി കൃഷി,നെൽകൃഷി വികസനം-കൂലിച്ചെലവ് സബ്സിഡി-ബ്ലോക്ക് വിഹിതം(പ്രോജക്ട്- 6&7/19) -അപാകങ്ങൾ

(പച്ചക്കറി കൃഷി-ബിൽ നം. 1/18-19 Rs.170000/- c/o 23.10.18, 5/18-19 Rs.85,000/- c/o 18.01.19 & 4/18-19 Rs.130000/- c/o 26.11.18)

(നെൽകൃഷി-ബിൽ നം. 2/18-19 Rs.212500/- c/o 29.10.18, 3/18-19 Rs.2,51,250/- c/o 28.11.18 & 6/18-19 Rs.130000/- c/o 26.11.18)

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള പഞ്ചായത്തുകളിലെ പച്ചക്കറി, നെൽകൃഷികൾക്ക് കൂലിച്ചെലവ് നൽകുന്നതിന് കൃഷി അസി.ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന് നെൽകൃഷി വികസനത്തിന് 157250/- രൂപയും പച്ചക്കറി കൃഷി വികസനത്തിനായി 87500/- രൂപയും അനുവദിച്ചിരുന്നു. പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും 8/07/2019 ലെ

സി1-51/2019 നം കത്ത് പ്രകാരം നൽകിയ വിനിയോഗ സാക്ഷ്യപത്രപ്രകാരം അനുവദിച്ച ബ്ലോക്ക് വിഹിതത്തിൽ നിന്നും നെൽകൃഷി വികസനത്തിനായി 37,845/- രൂപയും പച്ചക്കറി വികസനത്തിനായി 35000/- രൂപയും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സംയുക്ത പദ്ധതി നടത്തിപ്പ് സംബന്ധമായി പുറത്തിറക്കിയ ജി.ഒ (പി) നം- 07/2017/fin dtd 23/01/2017 പ്രകാരമുള്ള മാർഗ്ഗരേഖയനുസരിച്ച് ഫെബ്രുവരി അവസാനവാരം നിർവ്വഹണം നടത്തുന്ന തദ്ദേശസ്ഥാപനം സംയുക്ത പദ്ധതിയുടെ അവലോകനം നടത്തി ചെലവഴിക്കാൻ സാധ്യതയില്ലാത്ത പണം ഫെബ്രുവരി 28 ന് തിരികെ ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടിയിരുന്നു. മാർച്ച് 31 ഈ ഫണ്ടിൽ മിച്ചമുള്ള പണം സർക്കാരിലേക്കും തിരിച്ചടക്കേണ്ടതായിരുന്നു. പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ വിനിയോഗ സാക്ഷ്യപത്രപ്രകാരം ഈ തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ തിരികെ ഒടുക്കുകയോ സർക്കാരിലേക്ക് തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. നൽകിയ ബ്ലോക്ക് വിഹിതത്തിൽ നെൽകൃഷി വികസന പദ്ധതിയിൽ മാത്രം 1,19,405/- രൂപയും പച്ചക്കറി വികസന പദ്ധതിയിൽ 52500/- രൂപയും ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് സർക്കാർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം പാലിക്കാതെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ തുക സൂക്ഷിക്കുന്നതായാണ് അറിയിച്ചിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. സംയുക്ത പദ്ധതി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം മാത്രം ചെലവ് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ഘടകസ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ (പ്രോജക്റ്റ്- 28/19) -കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല

(ബിൽ നം. 40/18-19 Rs.182320/- c/o 12.10.19)

മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും 1,90,000/-രൂപ വകയിരുത്തിയ ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ അരൂക്കുറ്റി സി.എച്ച്.സി, മറ്റ് ഘടക സ്ഥാപനങ്ങൾ എന്നിവക്ക് 4 കംപ്യൂട്ടർ, ഒരു ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങി നൽകിയിരുന്നു. ജി-210/2018 dt 23/07/2018 പ്രകാരം ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനുള്ള ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള മെഷീൻ കുറഞ്ഞ വിലയ്ക്ക് ലഭ്യമായിരിക്കെ ഉയർന്ന വിലക്കാണ് ബ്ലോക്ക് പഞ്ചായത്ത് വാങ്ങൽ നടത്തിയത്. വാങ്ങിയ KYOCERA Taskalfa 2201 എന്ന മോഡലിന് മെ.R.J എന്റർപ്രൈസസ് എന്ന സ്ഥാപനവും മെ.ചാനൽ കോപ്പിയേഴ്സ് & സർവ്വീസസ് എന്ന സ്ഥാപനവും വില ക്വാട്ട് ചെയ്തിരുന്നു. ഒരേ കമ്പനിയുടെ ഒരേ മോഡൽ മെഷീന് രണ്ട് സ്ഥാപനങ്ങൾ വില ക്വാട്ട് ചെയ്തതിൽ സ്പെസിഫിക്കേഷൻ വ്യത്യാസമെന്ന കാരണത്താൽ കൂടിയ വില ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയത്. KYOCERA Taskalfa 2201 എന്ന മോഡലിന്റെ നിർമ്മാതാക്കൾ നൽകിയിട്ടുള്ള സ്പെസിഫിക്കേഷനിൽ യാതൊരു വ്യത്യാസവുമില്ലാതിരിക്കെ ടെണ്ടറിലെ കുറഞ്ഞ നിരക്ക് അനുവദിക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയില്ല. വാങ്ങൽ നടപടി ക്രമങ്ങൾ പൂർണ്ണമായി പാലിച്ച് മാത്രം വാങ്ങൽ നടപടികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ

2018-19 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

01.ലൈഫ് (ജനറൽ)-ബ്ലോക്ക് പഞ്ചായത്ത് വിഹിതം (പ്രോജക്റ്റ് നം- 12/19)

ബിൽ നം-22/18-19 Rs.589748/- c/o 11.07.18

ബിൽ നം-23/18-19 Rs.1540003/-c/o 16.07.18

ബിൽ നം-36/18-19 Rs.791000/- c/o 28.09.18

ബിൽ നം-53/18-19 Rs.304510/- c/o 26.12.18

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 336/DB1/2018/LSGD 25/04/18 ഉത്തരവ് പ്രകാരം ലൈഫ് മിഷൻ പദ്ധതിയുടെ

ഭാഗമായി തദ്ദേശസ്ഥാപനങ്ങളേറ്റെടുത്ത ഭവനപദ്ധതികളിൽ പൂർത്തിയാക്കാത്തവയുടെ പൂർത്തീകരണത്തിനായി ബ്ലോക്കിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 32,25,261/-രൂപ 2018-19 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ മേൽതുകയുടെ കൈപ്പറ്റ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല.

02.ലൈഫ് (SCP) -ബ്ലോക്ക് പഞ്ചായത്ത് വിഹിതം (പ്രോജക്റ്റ് നം- 14/19)

ബിൽ നം-37/18-19 Rs.684235/- c/o 28.09.18

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 336/DB1/2018/LSGD 25/04/18 ഉത്തരവ് പ്രകാരം ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്ഥാപനങ്ങളേറ്റെടുത്ത ഭവനപദ്ധതികളിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് (എസ്.സി.പി) വിഹിതമായി 684235/- രൂപ ഈ സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ മേൽതുകയുടെ കൈപ്പറ്റ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും നാളിതുവരെ ലഭ്യമായിട്ടില്ല.

03.അഗതിരഹിതകേരളം (ആശ്രയ) -ബ്ലോക്ക്പഞ്ചായത്ത് വിഹിതം

പ്രോജക്റ്റ് നം- 60/19

ബിൽ നം-25/18-19 Rs.1,00,000/- c/o 16.07.2018

അരൂക്കുറ്റി ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം (ആശ്രയ) പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നിശ്ചയിച്ച 1,00,000/- രൂപ അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് 16.07.2018-ന് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരങ്ങൾ, തുകയുടെ വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

04.ഐ.കെ.എം വിഹിതം (പ്രോജക്റ്റ് നം- 03/19)

(ബിൽ നം-3 /18-19 Rs.37,007/- c/o 14.05.2018)

സർക്കാർ ഉത്തരവ് (സാധാ.)നം.1228/2016/LSGD dtd 08.03.2016 ഐ.കെഎം -ന്റെ പ്രവർത്തന ഫണ്ട് നീക്കി വയ്ക്കുന്നതിനായി 37,007/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരങ്ങൾ, തുകയുടെ വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

05. ഇ.എം.എസ്ഭവനപദ്ധതി വായ്പ തിരിച്ചടവ്(പ്രോജക്റ്റ്നം-2/19)

(ബിൽ നം- 02 /18-19 Rs.937253/- തിയതി-10.05.2018

ബിൽ നം- 63 /18-19 Rs.140686/- തിയതി-11.03.2019)

ബ്ലോക്ക് പഞ്ചായത്തിലെ ഇ.എം.എസ് ഭവനപദ്ധതിക്കായി ജില്ലാ സഹകരണ ബാങ്ക് പൂച്ചാക്കൽ ശാഖയിൽ നിന്നാണ് വായ്പ എടുത്തിരുന്നത്. വായ്പയുടെ മുതൽ ബ്ലോക്ക് പഞ്ചായത്തും പലിശ സംസ്ഥാന സർക്കാരുമാണ് അടക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ 02/19 നമ്പർ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 10,77,939/- രൂപ ഇ.എം.എസ് ഭവനപദ്ധതി വായ്പാ തിരിച്ചടവിനായി വകയിരുത്തിയിരുന്നു. ഈ പദ്ധതി പ്രകാരം 11/03/2019 – ൽ പൂച്ചാക്കൽ സബ് ട്രഷറിയിൽ നിന്നും അക്കൗണ്ട് ട്രാൻസ്ഫറായി 140686/- രൂപ ജില്ലാ സഹകരണ ബാങ്ക് പൂച്ചാക്കൽ ശാഖയിലേക്ക് നൽകിയിട്ടുണ്ടെങ്കിലും സഹകരണ ബാങ്ക് പാസ്സ്ബുക്ക് പ്രകാരം 29/03/2019-ൽ മാത്രമാണ് ബാങ്ക് തുക വരവ് വച്ചിട്ടുള്ളത്. തുക ലോൺ അക്കൗണ്ടിൽ യഥാസമയം വരവ് വയ്ക്കുന്നതിൽ ബാങ്കിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. അപ്രകാരം സംഭവിച്ചിട്ടുണ്ടെങ്കിൽ ഇത് സംസ്ഥാന സർക്കാരിന് പലിശയിനത്തിൽ അധികച്ചെലവിന് കാരണമാകുന്നതാണ്.

06.പ്ലാൻ ലൈബ്രറി -ആനുകാലികങ്ങൾ (പ്രോജക്റ്റ്നം-5/19)

ബ്ലോക്ക് പഞ്ചായത്തിലെ ലൈബ്രറിയിലെ ആനുകാലികങ്ങളുടെ വിലയായി വിവിധ ആനുകാലികങ്ങളുടെ ഏജന്റുമാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് 18750/- രൂപ നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരങ്ങൾ, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ 4065253/- രൂപയുടെ ചെലവ് (ക്രമ നമ്പർ 5 ഒഴികെ) തടസ്സപ്പെടുത്തുന്നു. രേഖകൾ

ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി അംഗീകാരം ലഭിച്ച S0023/19 - ാം നമ്പർ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 1171450/-രൂപ പിൻവലിച്ച് 5 ഗ്രാമപഞ്ചായത്തുകൾക്കായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | തുക |
|---|---|
| അരൂക്കുറ്റി | 150000 |
| തൈക്കാട്ടുശ്ശേരി | 325000 |
| ചേന്നംപള്ളിപ്പുറം | 300000 |
| പെരുമ്പളം | 96450 |
| പാണാവള്ളി | 300000 |
| ആകെ | 1171450 |

ചെലവ്

ബിൽ നം. 1/18-19/17.07.2018 - 1000000

ബിൽ നം. 3/18-19/28.12.2018 - 171450

അരൂക്കുറ്റി, പെരുമ്പളം ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/27.07.2019) പാണാവള്ളി, തൈക്കാട്ടുശ്ശേരി, ചേന്നംപള്ളിപ്പുറം എന്നീ പഞ്ചായത്തുകളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-12 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര് : വിദ്യാർത്ഥികൾക്ക് പഠനമുറി (എസ്.ടി)

പ്രോജക്ട് നമ്പർ : എസ്. 31/ 2018-19

ചെലവ് : 374000/- രൂപ

മേൽ പദ്ധതിയുടെ അടിസ്ഥാനത്തിൽ അഭിരാമിക്ക് (D/o അജിത ) 200000/- രൂപയും ശ്രുതിമോൾക്ക് (D/o മഞ്ജുഷ) 174000/- രൂപയും നൽകിയിട്ടുണ്ട്. ഇവർ നടത്തിയിട്ടുള്ള നിർമ്മാണപ്രവർത്തനം സംബന്ധിച്ച എസ്റ്റിമേറ്റോ പ്ലാനോ ഫയലിൽ ലഭ്യമല്ല. നിലവിലുള്ള വീട് വാസയോഗ്യവും നിർമ്മാണയോഗ്യവുമാണെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. നിർമ്മാണം സംബന്ധിച്ച മൂല്യനിർണ്ണയ സാക്ഷ്യപത്രവും ഫയലിൽ ലഭ്യമല്ല. പഠനമുറി നിർമ്മാണത്തിന് 50000/-രൂപ മുൻകൂറായി നൽകാമെന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ളതെങ്കിലും ഇതിൽ ശ്രുതിമോളുടെ മാതാവ് മഞ്ജുഷ നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിനാൽ തുടർനിർമ്മാണത്തിന് വീണ്ടും 24000/-രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. ടി നിർമ്മാണം പൂർത്തീകരിച്ചതു സംബന്ധമായ രേഖകളുമില്ല. കൂടാതെ ടി ഗുണഭോക്താവിന് പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ലെന്നതുസംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയിട്ടുമില്ല.

മേൽ അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.02/ 26.07.2019) നിർവ്വഹണോദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ നൽകിയ വിശദീകരണത്തിൽ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടെന്നും സ്റ്റാഫിന്റെ കുറവുകൊണ്ടും വിദൂര സ്ഥലങ്ങളിലുള്ള വീടുകളിൽ നിന്നും രേഖകൾ ശേഖരിക്കുന്നതിലുള്ള സാങ്കേതിക പ്രയാസങ്ങൾ കൊണ്ടുമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്നും രണ്ടാമതും മുൻകൂർ അനുവദിച്ചിട്ടുള്ള കാര്യത്തിൽ

ഉണഭോക്താവിന് അസുഖമായിരുന്നതിനാൽ കമ്മിറ്റി തീരുമാനപ്രകാരമാണ് ഇപ്രകാരം അഡ്വാൻസ് അനുവദിച്ചതെന്നും വിശദീകരണം നൽകി. എന്നാൽ പ്രസ്തുത വിശദീകരണം തൃപ്തികരമല്ല. ഹാജരാക്കാനുള്ള രേഖകൾ ഹാജരാക്കിയും ടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയും ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-13 ഭൂരഹിതരായ ഉണഭോക്താക്കൾക്ക് വാസയോഗ്യമായ ഭൂമിവാങ്ങൽ(എസ്സ് സി)-പദ്ധതിനടത്തിപ്പിൽ അപാകങ്ങൾ

പ്രോജക്ടിന്റെ പേര് : ഭൂരഹിതരായ ഉണഭോക്താക്കൾക്ക് വാസയോഗ്യമായ ഭൂമി വാങ്ങൽ (എസ്സ്.സി)

പ്രേജക്ടിന്റെ നമ്പർ : എസ്സ്. 27/2018-19

ചെലവ് : 3750000/- രൂപ

മേൽ പ്രോജക്ട് പ്രകാരം തൈക്കാട്ടുശ്ശേരി ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട ഭൂരഹിതരായ 10 ഉണഭോക്താക്കൾക്ക് വാസയോഗ്യമായ ഭൂമി വാങ്ങുന്നതിനായി ഒരു ഉണഭോക്താവിന് 375000/- രൂപ നിരക്കിൽ ആകെ 3750000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഉണഭോക്താക്കളിൽ ശ്രീ. വിശ്വംഭരൻ, ചെട്ടിമഠത്തിൽ നികർത്ത്, തൃച്ചാറ്റുകുളം, ശ്രീമതി.ബിന്ദു, സ്നേഹഭവനം, പാണാവള്ളി, ശ്രീമതി.അമ്പിളി ബിജു, നായാടിത്തറ, പള്ളിപ്പുറം എന്നിവർ വാങ്ങിയ ഭൂമി റവന്യൂരേഖകളിൽ നിലമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ശ്രീ.വിശ്വംഭരൻ എന്ന ഉണഭോക്താവ് വാങ്ങിയിട്ടുള്ള ഭൂമി ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ടതായുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. മറ്റു രണ്ടുപേർ വാങ്ങിയിട്ടുള്ള ഭൂമി സംബന്ധമായി കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുമില്ല. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 10 ഉണഭോക്താക്കളും വാങ്ങിയ ഭൂമിയുടെ ആധാരം ഹാജരാക്കിയിട്ടുണ്ടെങ്കിലും ആരുംതന്നെ ഭൂമി തങ്ങളുടെ തങ്ങളുടെ പേരിൽ കൂട്ടി കരം ഒടുക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.12/29.07.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഹാജരാക്കാനുള്ള രേഖകൾ അടിയന്തിരമായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | 2018-19 | 70000 | പി.എം.എ.വൈ അധികസഹായം | 70000 | 0 |
| അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | 2018-19 | 30000 | പി.എം.എ.വൈ അധികസഹായം | 30000 | 0 |

| | | | | | |
|---|---|---|---|---|---|
| അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | 2018-19 | 200000 | എം.ആർ.എഫ് | 200000 | 0 |
| ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | 2018-19 | 250000 | പി.എം.എ.വൈ അധികസഹായം | 145000 | 105000 |
| ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | 2018-19 | 200000 | എം.ആർ.എഫ് | 141870 | 58130 |
| പാണാവള്ളി ഗ്രാമ പഞ്ചായത്ത് | 2018-19 | 50000 | ഐ.എ.വൈ.എസ്.സി അധികവിഹിതം | 50000 | 0 |
| പാണാവള്ളി ഗ്രാമ പഞ്ചായത്ത് | 2018-19 | 65000 | പി.എം.എ.വൈ അധികവിഹിതം | 65000 | 0 |
| പെരുമ്പളം ഗ്രാമ പഞ്ചായത്ത് | 2018-19 | 100000 | പി.എം.എ.വൈ അധികവിഹിതം | 100000 | 0 |
| തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത് | 2018-19 | 100000 | പി.എം.എ.വൈ അധികവിഹിതം | 100000 | 0 |
| തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത് | 2018-19 | 90000 | പി.എം.എ.വൈ അധികവിഹിതം | 90000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 636000 | പി.എം.എ.വൈ അധികവിഹിതം | 636000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 301000 | ലൈഫ് മിഷൻ ജില്ലാവിഹിതം | 301000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം. 1319/2010 /ത.സ്വ.ഭ.വ തീയതി.16.04.2010 | 10872525 | 3233815 | 1077939 | - | 2155876 | - |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും | സർചാർജ്ജ് സർട്ടിഫിക്കറ്റ് | സർചാർജ്ജ് തുക | സ്വയം അടവാക്കിയ തുക, രസീത് നം./തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1997-98 ഖണ്ഡിക 17,19 | ശ്രീ.കെ.ആർ.വിൻസന്റ്, സെക്രട്ടറി | LF14678/Spl.Cell /SC1/01 dtd 23.07.2002 | 4587 | 0 | 4587 |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 71179394 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 53600019 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10912 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5527961 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-3 | | 10912 | ബിജുകുമാർ. എ., സെക്രട്ടറി |
| ആകെ | | 10912 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7(1) | 7831 | സ്മിത. ജി.എൻ, ശിശുവികസന പദ്ധതി ഓഫീസർ |
| 3-7(2) | 529877 | സ്മിത. ജി.എൻ, ശിശുവികസന പദ്ധതി ഓഫീസർ |
| 3-10 | 4065253 | സലില.എസ്, സെക്രട്ടറി |
| 3-11 | 925000 | സ്മിത. ജി.എൻ, ശിശുവികസന പദ്ധതി ഓഫീസർ |
| ആകെ | 5527961 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിജുകുമാർ. എ., സെക്രട്ടറി | സെക്രട്ടറി, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | ശ്രീ പത്മനാഭം, വാരനാട് പി.ഒ., ചേർത്തല |
| സലില.എസ്, സെക്രട്ടറി | സെക്രട്ടറി, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | ചിറയിൽ, തൈക്കൽ പി.ഒ., കടക്കരപ്പള്ളി |
| സ്മിത. ജി.എൻ, ശിശുവികസന പദ്ധതി ഓഫീസർ | പ്രോഗ്രാം ഓഫീസർ, നിർഭയ സെൽ, തിരുവനന്തപുരം | ശിവാനി, അംബേദ്കർ റോഡ്, തേലിഭാഗം, കുന്നപ്പുഴ പി.ഒ., തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-832/11/31.1.12 |
| 2006-07 | എൽ.എഫ്.ജി.എ.5-1577/ 14/5.7.14 |
| 2007-08 | എൽ.എഫ്.ജി.എ.5-1577/ 16.5.14 |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14/7.6.14 |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14/16.5.14 |
| 2010-11 &11-12 | എൽ.എഫ്.എ.ബി.പി.1/766/13/21.1.14/11.4.14 |
| 2012-13 &13-14 | എൽ.എഫ്.എ.ബി.പി.320/2015/1/6/15 |
| 2014-15&2015-2016 | കെ.എസ്.എ 225/എ.എൽ.പി/ബി.പി./17/10.3.2017 |

| | |
|---|---|
| 2016-17 | കെ.എസ്.എ/എ.എൽ.പി/ബി.പി-1371/7/ 08.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/ബി.പി-33/2019/ 05.01.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## <u>അനുബന്ധം **1**</u>

നം. കെ.എസ്.എ-എ.എൽ.പി/ബിപി.776/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 18.09.2019

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-9 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

No. KSA-ALP/BP.776/2019

Kerala State Audit Department,
District Audit Office, Alappuzha.
Date: 18.09.2019

# *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Thycattussery Block Panchayat in Alappuzha District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Thycattussery Block Panchayat for the year 2018-19 except the observations in part 1-9 of my audit report properly presents the picture of income and expenditure.

Senior Deputy Director
Kerala State Audit Department
District Audit Office,Alappuzha

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ